**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4178** **09-08-2021 - ൽ മറുപടിയ്ക്ക്**

**ഒറ്റപാലം മണ്ഡലത്തിൽ ഫണ്ട് അനുവദിച്ച സ്കൂളുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | **Shri V Sivankutty**<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഒറ്റപാലം നിയോജക മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയുടെ ഭാഗമായി ഫണ്ട് അനുവദിച്ചിട്ടുള്ള സ്കൂളുകൾ എത്രയാണെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ; | (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയുടെ ഭാഗമായി കിഫ്ബി ധനസഹായത്തോടെ പൊതുവിദ്യാല യങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതിയുടെ ഭാഗമായി ഒറ്റപാലം നിയോജക മണ്ഡലത്തിൽ ഫണ്ട് അനുവദിച്ചിട്ടുള്ള സ്കൂളുകളുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു. 5 കോടി കിഫ്ബി ഫണ്ട്- 1 സ്കൂൾ 3 കോടി കിഫ്ബി ഫണ്ട് - 2സ്കൂൾ 1 കോടി കിഫ്ബി ഫണ്ട് - 3സ്കൂൾ |
| (ബി) | ഇവയിൽ പ്രവൃത്തി പൂർത്തിയായവ ഉണ്ടോയെന്നും ഉണ്ടെങ്കിൽ അവ ഏതെല്ലാമെന്നും അറിയിക്കാമോ; | (ബി) | കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന പ്രവൃത്തികൾ ഒന്നും തന്നെ ഇതുവരെ പൂർത്തിയായിട്ടില്ല. |
| (സി) | പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്ന സ്കൂളുകൾ എത്രയാണെന്നും അവ ഏതെല്ലാമെന്നും വെളിപ്പെടുത്താമോ; | (സി) | 5 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട പുലാപ്പറ്റ എ.എൻ.കെ.എം.ഗവ.എച്ച്. എസ്.എസിന്റെ നിർമ്മാണം പൂർത്തിയായി വരുന്നു. 3 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട ജി.എച്ച്.എസ്.എസ്. കടമ്പൂർ സ്കൂളിന്റെ ഡിപിആർ അംഗീകരിച്ചു. നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. ഒറ്റപ്പാലം ജി.എച്ച്.എസ്.എസിന്റെ ഡിപിആർ പുനഃപരിശോധിച്ച് വരുന്നു. ഡിപിആർ കിഫ്ബി അംഗീകരിക്കുന്ന മുറയ്ക്ക് നിർമ്മാണപ്രവർത്തനത്തിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. 1 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട ജി.എച്ച്.എസ്.എസ്. മുന്നൂർക്കോട് സ്കൂളിന്റെ ഡിപിആർ കിഫ്ബി അംഗീകരിച്ച് നിർമ്മാണം ആരംഭിച്ചു. ജി.യു.പി.എസ്.കടമ്പഴിപ്പുറം സ്കൂളിന്റെ ഡിപിആർ കിഫ്ബി അംഗീകരിച്ച് നിർമ്മാണം ആരംഭിച്ചു. 18% ത്തോളം നിർമ്മാണം പൂർത്തീകരിച്ചു. ജി.എച്ച്.എസ്.മാണിക്ക്യപ്പറമ്പ് സ്കൂളിന്റെ ഡിപിആർ കിഫ്ബി അംഗീകരിച്ച് നിർമ്മാണം ആരംഭിച്ചു. 20% ത്തോളം നിർമ്മാണം പൂർത്തീകരിച്ചു. |

| | | | |
|---|---|---|---|
| (ഡി) | ഇതുവരെ പ്രവൃത്തി ആരംഭിക്കാത്ത സ്കൂളുകളുണ്ടെങ്കിൽ അവ ഏതെല്ലാമെന്നും എന്നത്തേക്ക് പ്രവൃത്തി തുടങ്ങുവാൻ സാധിക്കുമെന്നും വിശദമാക്കാമോ? | (ഡി) | 5 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട പുലാപ്പറ്റ എ.എൻ.കെ.എം.ഗവ.എച്ച്. എസ്.എസിന്റെ നിർമ്മാണം പൂർത്തിയായി വരുന്നു. 3 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട ജി.എച്ച്.എസ്.എസ്. കടമ്പൂർ സ്കൂളിന്റെ ഡിപിആർ അംഗീകരിച്ചു. നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. ഒറ്റപ്പാലം ജി.എച്ച്.എസ്.എസിന്റെ ഡിപിആർ പുനഃപരിശോധിച്ച് വരുന്നു. ഡിപിആർ കിഫ്ബി അംഗീകരിക്കുന്ന മുറയ്ക്ക് നിർമ്മാണപ്രവർത്തനത്തിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. 1 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട ജി.എച്ച്.എസ്.എസ്. മുന്നൂർക്കോട് സ്കൂളിന്റെ ഡിപിആർ കിഫ്ബി അംഗീകരിച്ച് നിർമ്മാണം ആരംഭിച്ചു. ജി.യു.പി.എസ്.കടമ്പഴിപ്പുറം സ്കൂളിന്റെ ഡിപിആർ കിഫ്ബി അംഗീകരിച്ച് നിർമ്മാണം ആരംഭിച്ചു. 18% ത്തോളം നിർമ്മാണം പൂർത്തീകരിച്ചു. ജി.എച്ച്.എസ്.മാണിക്ക്യപ്പറമ്പ് സ്കൂളിന്റെ ഡിപിആർ കിഫ്ബി അംഗീകരിച്ച് നിർമ്മാണം ആരംഭിച്ചു. 20% ത്തോളം നിർമ്മാണം പൂർത്തീകരിച്ചു. |

സെക്ഷൻ ഓഫീസർ